3.02.2020

*Ref: 3248/K-5/KCBC/OL/DS*

**കെസിബിസി സർക്കുലർ**

**"കർത്താവ് രോഗശയ്യയിൽ ആശ്വാസം പകരും അവിടുന്ന് അവർക്ക് രോഗശാന്തി നല്കും" (സങ്കീ 41,3)**

**കൊറോണ വൈറസ്: ജാഗ്രത പാലിക്കാം, പ്രാർത്ഥിക്കാം**

2019 ഡിസംബർ 31-ന് ചൈനയിലെ പ്രമുഖവ്യവസായിക നഗരമായ വുഹാനിൽ കണ്ടെത്തിയ പുതിയ ഇനം കൊറോണ വൈറസുകൾ ഇതിനോടകം ചൈനയുടെ ഇതരഭാഗങ്ങളിലേക്കും മറ്റു രാജ്യങ്ങളിലേക്കും വ്യാപിച്ചിട്ടുള്ളതായി അറിയുന്നു. നമ്മുടെ സംസ്ഥാനത്തും പ്രസ്തുത വൈറസിന്റെ സാന്നിധ്യം സ്ഥിരീകരിച്ചതായാണ് റിപ്പോർട്ടുകൾ. രണ്ടായിരത്തോളം പേർ നിരീക്ഷണത്തിലുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ച് പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നത് ആശ്വാസകരമാണ്. ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ എല്ലാവരും ജാഗ്രതപുലർത്തണം. പ്രതികൂലസാഹചര്യങ്ങളെ സാക്ഷ്യത്തിന്റെ അവസരങ്ങളായിക്കണ്ട് പ്രാർത്ഥനയോടെ അവയെ അതിജീവിക്കാൻ ക്രൈസ്തവ വിശ്വാസം നമ്മെ ശക്തിപ്പെടുത്തണം. വിശിഷ്യാ, ആരോഗ്യരംഗത്ത് ശുശ്രൂഷ ചെയ്യുന്ന ഡോക്ടർമാർ, നേഴ്സുമാർ മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവർ നല്കുന്ന മഹത്തായ സേവനത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കാം. പ്രാർത്ഥനയിലൂടെ അവരെ ശക്തിപ്പെടുത്താം. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന നമ്മുടെ സ്ഥാപനങ്ങൾ സംസ്ഥാന ആരോഗ്യവകുപ്പുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത കെസിബിസി ഹെൽത്ത് കമ്മീഷൻ നേരത്തെതന്നെ ഓർമ്മിപ്പിച്ചിരുന്നല്ലോ.

നമ്മുടെ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും വ്യത്യസ്ത രാജ്യങ്ങളിലുമായി വൈറസ് ബാധിച്ച് രോഗാവസ്ഥയിലും നിരീക്ഷണത്തിലുമുള്ള എല്ലാവരെയും നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കാം. ആരോഗ്യത്തോടെ തങ്ങളുടെ പ്രവർത്തനരംഗങ്ങളിലേക്കു മടങ്ങാൻ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. കൂടുതൽ ആളുകളിലേക്ക് രോഗം പടരാതിരിക്കാനുള്ള മുൻകരുതലുകൾ കൃത്യമായി പാലിക്കാൻ എല്ലാവരും ശ്രദ്ധപുലർത്തണം.

361 ആളുകൾ ഇതിനോടകം കൊറോണ വൈറസ്ബാധ മൂലമുള്ള രോഗങ്ങളാൽ മരണമടഞ്ഞതായാണ് ഔദ്യോഗിക കണക്ക്. അവരെ ദൈവസന്നിധിയിൽ ഓർക്കാം. ഫെബ്രുവരി 9 ഞായറാഴ്ച കേരളകത്തോലിക്കാസഭയിലെ മൂന്നു റീത്തുകളിലുള്ള ഇടവകദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാനയർപ്പിക്കുന്ന എല്ലായിടങ്ങളിലും കൊറോണ വൈറസ്ബാധമൂലം ദുരിതമനുഭവിക്കുന്ന എല്ലാവരെയും അനുസ്മരിച്ച് പ്രാർത്ഥന നടത്തുവാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്യുന്നു. എല്ലാ ആരോഗ്യപ്രവർത്തകരെയും അവരുടെ പരിശ്രമങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിക്കാം. പകർച്ചവ്യാധി നിയന്ത്രണവിധേയമാകുന്നതിനും രോഗികളും രോഗഭീതിയിൽ കഴിയുന്നവരും ആരോഗ്യരംഗത്തു പ്രവർത്തിക്കുന്നവരും സുരക്ഷിതരായിരിക്കുന്നതിനും ദൈവകൃപയുണ്ടാകാൻ പ്രാർത്ഥിക്കാം. പ്രാർത്ഥനയും ജാഗ്രതയോടെയുള്ള പരിശ്രമങ്ങളും വൈറസ്ബാധയെ അതിജീവിക്കാൻ നമുക്ക് ശക്തിനല്കും.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,
സ്നേഹാദരങ്ങളോടെ,

**ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025